"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ ജമ്മു കാശ്മീരിൽ വച്ച് മരണപ്പെട്ട Sep അക്ഷയ്.വി.പി.-യുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.19/2023/SWD  തീയതി,തിരുവനന്തപുരം, 06-06-2023

---

പരാമർശം:-

1. സ.ഉ.(പി) നം.450/1999/പൊ.ഭ.വ. തീയതി, 29.06.1999.
2. സ.ഉ.(എം.എസ്) നം.434/01/പൊ.ഭ.വ. തീയതി, 15.11.2001.
3. സ.ഉ.(എം.എസ്) നം.14/2012/പൊ.ഭ.വ. തീയതി, 17.01.2012.
4. സൈനിക ക്ഷേമ ഡയറക്ടറുടെ 09.11.2022 , 09.01.2023 എന്നീ തീയതികളിലെ B6/132968/CMSWF/2022/DSW നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൈനിക സേവനത്തിനിടെ ജമ്മു കാശ്മീരിൽ വച്ച് മരണപ്പെട്ട Sep അക്ഷയ്.വി.പി.-യുടെ മാതാവ് ശ്രീമതി പ്രിയ.എൽ മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നതും പ്രസ്തുത അപേക്ഷയും അനുബന്ധരേഖകളും സൈനിക ക്ഷേമ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 4 പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശം 1-3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 23.12.2019 -ന് ജമ്മു കാശ്മീരിലെ കുപ്പവാരയിൽ ഡ്യൂട്ടിക്കിടെ സൈനിക കോൺവോയിയുടെ ഭാഗമായുള്ള ജാമ്മർ വാഹനത്തിനുണ്ടായ തീപിടുത്തത്തിൽ സാരമായ പൊള്ളലേറ്റാണ് Sep അക്ഷയ്.വി.പി. -യ്ക്ക് മരണം സംഭവിച്ചതെന്നും പ്രസ്തുത അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആയി അംഗീകരിച്ചിട്ടുള്ളതും ബാറ്റിൽ കാഷ്വാലിറ്റി ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മരണപ്പെട്ട സൈനികന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ പത്ത് ലക്ഷം രൂപ ധനസഹായത്തിന് അർഹതയുള്ളതാണ്. പ്രസ്തുത

തുകയിൽ 50,000/- രൂപ പരേതന്റെ മാതാവിന് അടിയന്തിര ധനസഹായമായി അനുവദിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ 23.12.2019-ന് ജമ്മു കാശ്മീരിൽ വച്ച് മരണപ്പെട്ട Sep അക്ഷയ്.വി.പി.-യുടെ മാതാവ് ശ്രീമതി പ്രിയ.എൽ -ന് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്ന് അനുവദനീയമായ പത്ത് ലക്ഷം രൂപയിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച 50,000/- രൂപ കുറവ് ചെയ്ത് 9,50,000/- രൂപ (ഒൻപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി പ്രിയ.എൽ. -ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പി.ബി.ബി. അമ്പലമുക്ക് ജംങ്ഷൻ ശാഖയിലുള്ള അക്കൗണ്ട് നം.**39062343335 (IFSC - SBIN0070923)** -ലേയ്ക്ക് ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്തു നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL JOHNEY
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:-

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ശ്രീമതി പ്രിയ.എൽ., 'സ്വാതി', CVNRA-127-A, റ്റി.സി.-21/3042(2), വളവുമൂല, ചൂഴമ്പാല, മുക്കോല.പി.ഒ., കുടപ്പനക്കുന്ന്, തിരുവനന്തപുരം - 695 043.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 07-06-2023 10:49:41
സെക്ഷൻ ഓഫീസർ